LIBRARY ARCHIVES Kerala Legislative Assembly

ബൈട്രാൻസ്ഫർ നിയമനം :

ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽനിന്നും ബൈട്രാൻസ്ഫർ രീതിയിൽ പ്രിൻസിപ്പൽ നിയമനം നടത്തുന്നതിനായി മുകളിൽ സൂചിപ്പിച്ച വിദ്യാഭ്യാസ യോഗ്യതകളും ഒരു എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽത്തന്നെയുള്ള 12 വർഷത്തെ അദ്ധ്യാപന പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റവന്യൂ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ജീവനക്കാരൻ

8 (5072) ശ്രീ. വി. എസ്. സുനിൽ കുമാർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 2007-ൽ റവന്യൂ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ജീവനക്കാരൻ ഇപ്പോഴും തുടരുന്നുണ്ടോ ; എങ്കിൽ ഏത് നിയമത്തിന്റെ പിൻബലത്തിലാണ് അപ്രകാരം തുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 31-5-2015-ന് ശേഷം ഡെപ്യൂട്ടേഷൻ നിയമനങ്ങൾ തുടരാൻ അനുവദിക്കില്ലെന്ന ഉത്തരവ് നിലനിൽക്കെ പ്രസ്തുത ജീവനക്കാരന്റെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകുന്നതിനും പുതിയ തസ്തിക സൃഷ്ടിച്ച് സീനിയോറിറ്റി മറികടന്ന് നിയമിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ ; ഇത് സംബന്ധിച്ച ഫയൽ നമ്പർ 23208/ഗി3/2015-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) മേൽപ്പറഞ്ഞ ജീവനക്കാരന് ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് നൽകുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ടോ ; റവന്യൂ വകുപ്പ്, ഫിനാൻസ് വകുപ്പ് എന്നിവയിൽനിന്നും ആയതിന് സമ്മതപത്രം ലഭ്യമായിട്ടുണ്ടോ ;

(ഡി) മേൽപ്പറഞ്ഞ ജീവനക്കാരൻ കൈകാര്യം ചെയ്യുവരുന്ന കരിയർ ഗൈഡൻസ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുമായി ബന്ധപ്പെട്ട എ.ജി.യുടെ ആഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ജീവനക്കാരന് ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനും ടിയാനെ കരിയർ ഗൈഡൻസ് സെക്ഷനിൽത്തന്നെ ഉയർന്ന തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനും തീരുമാനമെടുക്കുന്നത്, പി.എസ്.സി.

നിയമന സാദ്ധ്യതകളെ നിരാകരിക്കുന്നതിനും അഴിമതി സാദ്ധ്യതകളെ വിപുലപ്പെടുത്തുന്നതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എ.ജി.യുടെ ആഡിറ്റ് എൻകയറി റിപ്പോർട്ടിന്റെയും 27-6-2015-ൽ ഇതു സംബന്ധിച്ചുവന്ന പത്രവാർത്തയുടെയും അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ജീവനക്കാരന്റെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലേക്ക് മടക്കി അയയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. റവന്യൂ വകുപ്പിൽനിന്നും ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ടി ജീവനക്കാരൻ കഴിഞ്ഞ 8 വർഷമായി വകുപ്പിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ചുവരുന്നു. 22-5-2015-ന് അവസാനിച്ച ടി ജീവനക്കാരന്റെ ഡെപ്യൂട്ടേഷൻ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശിപാർശചെയ്തത് പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. ഇതുസംബന്ധിച്ച ഫയൽ നമ്പർ 23208/ഗി3/2015/പൊ.വി.വ. നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) ഫയൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിൽനിന്നും സമ്മതപത്രം ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) 2014-15 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്ത അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നുള്ള ഓഡിറ്റ് ടീം നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ കരിയർ ഗൈഡൻസ് വിംഗിന്റെ കീഴിൽ വിവിധ പദ്ധതി നടത്തിപ്പുകൾക്കായി അനുവദിച്ച അഡ്വാൻസ് തുകകൾ ക്രമപ്പെടുത്തുന്നതിന് കാലതാമസം വന്നിട്ടുള്ളതായി ചൂണ്ടിക്കാണിച്ചുകൊണ്ട് ഇത്തരം കാലതാമസം ഗവൺമെന്റ് നിർദ്ദേശങ്ങളുടെ ലംഘനമാണെന്നും, ആയതിനാൽ അഡ്വാൻസ് ക്രമപ്പെടുത്തുന്നതിൽ വന്നിട്ടുള്ള കാലതാമസത്തിന് പലിശ ഈടാക്കി ഈ വിവരം റിപ്പോർട്ട് ചെയ്യണമെന്നും അറിയിച്ചിരുന്നു. പ്രസ്തുത ഓഡിറ്റ് അന്വേഷണങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദീകരണവും മറുപടിയും സമർപ്പിച്ചതിന്മേൽ അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ&എഫ്) (എ) മുതൽ (ഡി) വരെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly